LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) കേരള സംസ്ഥാന സംരംഭക മിഷന് വ്യവസായ വകുപ്പ് രൂപം നൽകിയിട്ടില്ല. എന്നാൽ വിവരസാങ്കേതിക വകുപ്പിന്റെ കീഴിൽ കേരള സംസ്ഥാന സ്റ്റാർട്ട് അപ്പ് മിഷൻ രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

പുതിയ വ്യവസായ സംരംഭകർ

150(2139) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയ വ്യവസായ സംരംഭകരെ സംസ്ഥാനത്തേക്ക് ആകർഷിക്കുവാൻ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ നൽകാമോ ;

(ബി) തത്ഫലമായി എത്ര വ്യവസായികൾ കേരളത്തിൽ നിക്ഷേപം നടത്തിയെന്നും അവർ ആരെല്ലാമാണെന്നും അവർ ആരംഭിച്ച വ്യവസായ സംരംഭങ്ങളുടെ വിശദാംശങ്ങളും ലഭ്യമാക്കുമോ ?

ഉത്തരം

(എ) വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേന പുതിയ വ്യവസായ സംരംഭങ്ങൾ കൊണ്ടുവരുന്നതിനും, കൂടുതൽ നിക്ഷേപം ഉറപ്പാക്കുന്നതിനും വേണ്ടി സംരംഭകത്വ സഹായ പദ്ധതി വഴി വ്യവസായ സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം നൽകി വരുന്നു. ചെറുകിട വ്യവസായികളെ ആകർഷിക്കുന്നതിനായി ബിസിനസ് ടു ബിസിനസ് മീറ്റ്, വ്യവസായ സംഗമം, എല്ലാ ജില്ലകളിലും Investors Meet, സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്, Skill Development Programme തുടങ്ങിയ പരിപാടികളും നടത്തിവരുന്നു.

ബോധവത്ക്കരണ ക്ലാസുകൾ, സംരംഭകത്വ വികസന പരിശീലന പരിപാടികൾ, നിക്ഷേപകരുടെ മേളകൾ, MSME ഉൽപ്പന്ന വിപണനമേളകൾ, മെഷിനറി എക്സിബിഷൻ, ടെക്നോളജി ക്ലിനിക്കുകൾ, സ്കിൽ ഡെവലപ്മെന്റ് പരിശീലനം, ഊർജ്ജിത വ്യവസായ വത്ക്കരണ പദ്ധതി, ബ്ലോക്ക്, താലൂക്ക്, മുൻസിപ്പാലിറ്റി, ജില്ലാതലങ്ങളിൽ നടത്തിവരുന്നു. വിവിധ ബിസിനസ് മീറ്റുകൾ മുഖേന സംസ്ഥാനത്തിനകത്തും പുറത്തുമുള്ള വ്യവസായികൾക്ക് കേരളത്തിൽ വ്യവസായങ്ങൾ തുടങ്ങുന്നതിനും കേരളത്തിലെ ചെറുകിട വ്യവസായികൾക്ക് ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള വിപണന അവസരങ്ങൾ കണ്ടെത്താനും സാധിച്ചു

കെ.എസ്.ഐ.ഡി.സി. മുഖേന പുതിയ വ്യവസായ സംരംഭങ്ങൾ കൊണ്ടുവരുന്നതിനും കൂടുതൽ നിക്ഷേപം ഉറപ്പാക്കുന്നതിനും വേണ്ടി എമർജിംഗ് കേരള, യുവസംരംഭക സംഗമം, മുതലായ സംഗമങ്ങൾ നടത്തിയിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കിൻഫ്രായുടെ നേതൃത്വത്തിൽ വ്യവസായ സംരംഭകരെ ആകർഷിക്കുന്നതിനായി ആരംഭിച്ച പുതിയ പദ്ധതികൾ താഴെ പറയുന്നവയാണ് :

* വ്യവസായ വികസന മേഖല തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, കണ്ണൂർ.
* ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ, കാക്കനാട്, കൊച്ചി.
* മെഗാ ഫുഡ് പാർക്ക്, പാലക്കാട്.
* ഗ്ലോബൽ ആയുർവേദ വില്ലേജ്, തിരുവനന്തപുരം.
* ഇന്റർനാഷണൽ എക്സിബിഷൻ ആന്റ് കൺവെൻഷൻ സെന്റർ, കാക്കനാട്, കൊച്ചി.

(ബി) കഴിഞ്ഞ നാല് വർഷക്കാലം സംസ്ഥാനത്ത് MSMED Act, 2006 പ്രകാരം മെമ്മോറാണ്ടം (പാർട്ട് - II) ഫയൽ ചെയ്ത പുതിയ സൂക്ഷ്മ - ചെറുകിട - ഇടത്തരം സംരംഭങ്ങളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു. ഇതിൽ ചെറുകിട സേവന മേഖലയിലെ യൂണിറ്റുകളും ഉൾപ്പെടുന്നു :

വർഷം	മെമ്മോറാണ്ടം പാർട്ട് - II) ഫയൽ ചെയ്ത പുതിയ യൂണിറ്റുകളുടെ എണ്ണം	മുതൽ മുടക്ക് (രൂപ കോടിയിൽ)	തൊഴിൽ ലഭ്യത (എണ്ണം)
2011-12	10389	1695.30	72324
2012-13	13051	2392.97	81467
2013-14	14997	2224.13	87789
2014-15	15455	2392.68	83501

2012 സെപ്റ്റംബർ 12 മുതൽ 14 വരെ കൊച്ചിയിൽ നടന്ന എമർജിംഗ് കേരള സംഗമം വഴി കേരളത്തിലെ നിക്ഷേപ സാധ്യതകളെക്കുറിച്ച് ദേശീയ-അന്തർദ്ദേശീയ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

തലങ്ങളിൽ ശ്രദ്ധ ആകർഷിക്കുന്നതിനും, സംസ്ഥാനത്ത് വ്യവസായ വളർച്ച കൊണ്ടുവരാനും സാധിച്ചിട്ടുണ്ട്. ഈ സംഗമത്തിൽ ടൂറിസം, സയൻസ് & ടെക്നോളജി, പോർട്ട്, സ്വയംഭരണ വകുപ്പ്, പവർ, ഇൻഫർമേഷൻ ടെക്നോളജി, വിദ്യാഭ്യാസം, ഭക്ഷ്യസംസ്കരണം, ആരോഗ്യം തുടങ്ങിയ മേഖലകളിൽ നിക്ഷേപം ആകർഷിക്കുന്നതിനു വേണ്ടി പ്രത്യേക സമ്മേളനങ്ങളും നടത്തിയിരുന്നു. ഇതു കൂടാതെ പ്രസ്തുത സംഗമത്തിൽ മുകളിൽ പറഞ്ഞ മേഖലകളിലെ വിവിധ നിക്ഷേപ പദ്ധതികളെപ്പറ്റി ചർച്ചകളും അവലോകന യോഗങ്ങളും നടത്തുകയുണ്ടായി.

എമർജിംഗ് കേരള സംഗമത്തിന്റെ ഭാഗമായി വിവിധ വകുപ്പുകളുടെ കീഴിൽ ലഭിച്ച 177 പദ്ധതി നിർദ്ദേശങ്ങളിൽ 83 പദ്ധതികൾ ഇപ്പോൾ പുരോഗമിച്ചുവരുന്നു. ഇതിൽ വ്യവസായ വകുപ്പിന്റെ കീഴിൽ മാത്രം 19 പദ്ധതികളാണുള്ളത്. ഇവയിൽ രണ്ട് പദ്ധതികളുടെ പ്രവർത്തനം പൂർത്തിയായി. ബാക്കിയുള്ളവരുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയും ചെയ്യുന്നു. വിശദവിവരം അനുബന്ധം - I ആയി ചേർത്തിട്ടുണ്ട്.*

മുകളിൽ പറഞ്ഞത് കൂടാതെ, സംസ്ഥാനത്തിലെ വിദ്യാർത്ഥികളിലും യുവജനങ്ങളിലും സംരംഭകത്വ ആശയങ്ങളെ പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി 2014 സെപ്റ്റംബർ 12-ന് യുവസംരംഭകത്വ സംഗമം സംഘടിപ്പിച്ചു. എറണാകുളം ജില്ലയിലെ അങ്കമാലിയിൽ ഉള്ള അഡ്‌ലക്സ് ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ വച്ചാണ് പ്രസ്തുത സംഗമം സംഘടിപ്പിച്ചത്. വിദ്യാർത്ഥി യുവ സമൂഹത്തിൽ സംരംഭകത്വ ആശയങ്ങൾ യാഥാർത്ഥ്യമാക്കുന്നതിനുള്ള അനുകൂല സാഹചര്യം ഒരുക്കുക, അഭ്യസ്ത വിദ്യരായ യുവജനതയെ തൊഴിൽ അന്വേഷകരിൽനിന്നും തൊഴിൽ ദാതാക്കളാക്കുക മുതലായ ഉദ്ദേശ്യങ്ങളോടുകൂടിയാണ് പ്രസ്തുത യുവ സംരംഭക സംഗമം സംഘടിപ്പിച്ചത്.

കെ.എസ്.ഐ.ഡി.സി. സംഘടിപ്പിച്ച യുവ സംരംഭക സംഗമത്തിൽ പങ്കെടുത്ത വിദ്യാർത്ഥി/യുവസംരംഭകർക്ക് സംരംഭകത്വം തുടങ്ങുന്നതിന് അത്യന്താപേക്ഷിതമായ സ്ഥല സൗകര്യം (ഇൻകുബേറ്റർ), ധനസഹായം, മെന്ററിങ്ങ് തുടങ്ങിയ സഹായങ്ങൾ കെ.എസ്.ഐ.ഡി.സി വാഗ്ദാനം നല്കിയിരുന്നു. ഇതിന്റെ ഭാഗമായി യുവസംരംഭകർക്കായി എറണാകുളം ജില്ലയിൽ കാക്കനാട് ഇൻഫോപാർക്ക് കാമ്പസിൽ കെ.എസ്.ഐ.ഡി.സി.-യുടെ ഇൻകുബേഷൻ സെന്റർ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. വിദ്യാലയങ്ങളിലും, കോളേജുകളിലും നേരിട്ടെത്തി സംരംഭകത്വത്തിനാവശ്യമായ മെന്ററിംഗ് നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. യുവസംരംഭകർക്കാവശ്യമായ ധനസഹായം ലഭ്യമാക്കുന്നതിലേയ്ക്കായി കെ.എസ്.ഐ.ഡി.സി.-യുടെ സീഡ് ക്യാപിറ്റൽ സ്കീമും നിലവിൽ വന്നിട്ടുണ്ട്. സംസ്ഥാനത്ത്

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉടനീളമുള്ള കോളേജുകളിൽ ഇൻകുബേഷൻ സെന്ററുകളും, സ്കിൽ ഡെവലപ്പ്മെന്റ് സെന്ററും തുടങ്ങുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു. വിദ്യാർത്ഥി/യുവസംരംഭകരിൽ നിന്നും അവരുടെ നൂതന ആശയങ്ങൾ സമാഹരിക്കുകയുണ്ടായി. ഇതിന്റെ ഭാഗമായി ഏകദേശം എഴുപതോളം ആശയങ്ങളാണ് കെ.എസ്.ഐ.ഡി.സി.-യിൽ ലഭിച്ചത്. ഇവയിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട നാല് നൂതന ആശയങ്ങൾക്ക് 25 ലക്ഷം രൂപ വീതം ധനസഹായം അനുവദിക്കുയുമുണ്ടായി.

കിൻഫ്രയുടെ വിവിധ വ്യവസായ പാർക്കുകളിൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി ഭൂമി അലോട്ട് ചെയ്ത വ്യവസായ സംരംഭകരുടെ വിശദാംശങ്ങളും അവർ നൽകിയ പ്രോജക്ട് റിപ്പോർട്ട് പ്രകാരം സൃഷ്ടിക്കപ്പെടുന്ന തൊഴിലവസരങ്ങളും നിക്ഷേപവും സംബന്ധിച്ചുള്ള വിശദാംശങ്ങളും അനുബന്ധം - II ആയി ചേർത്തിട്ടുണ്ട്.*

സിഡ്കോയുടെ കീഴിൽ പുതുതായി ആരംഭിച്ചതും നിലവിൽ പ്രവർത്തിക്കുന്നതുമായ വ്യവസായ യൂണിറ്റുകളുടെ വിവരം അനുബന്ധം - III ആയി ചേർത്തിരിക്കുന്നു.*

കൊല്ലം ജില്ലാ സഹകരണ സ്പിന്നിംഗ് മിൽ

151(2140) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലാ സഹകരണ സ്പിന്നിംഗ് മിൽ ലേ ഓഫിലേക്ക് നീങ്ങുകയും തൊഴിലാളികൾക്ക് ജോലിയും ശമ്പളവും ലഭിക്കാത്ത സാഹചര്യം ഉണ്ടായതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വിശദാംശം അറിയിക്കുമോ;

(ബി) പ്രസ്തുത മിൽ നവീകരിക്കുന്നതിനും തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനുമായി എൻ.സി.ഡി.സി.-യുമായി ചേർന്ന് തയ്യാറാക്കിയ പദ്ധതി പ്രകാരം എൻ.സി.ഡി.സി.-യിൽ നിന്നും 51.66 കോടി രൂപ ലഭിച്ചിരുന്നുവോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം നൽകേണ്ട 5.74 കോടി രൂപ മില്ലിന് നൽകിയോ ; ഇല്ലെങ്കിൽ എന്നത്തേയ്ക്ക് ലഭ്യമാക്കുമെന്ന് അറിയിക്കുമോ ; തുക നൽകുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ ; വിശദാംശം നൽകുമോ ;

(ഡി) തൊഴിലാളികൾക്ക് സർക്കാർ വിഹിതമായി നൽകേണ്ടതും, തൊഴിലാളികളിൽനിന്നും ശേഖരിച്ചതുമായ ഇ.എസ്.ഐ., എൽ.ഐ.സി., പ്രോവിഡണ്ട് ഫണ്ട് എന്നീ തുകകൾ യഥാസമയം ബന്ധപ്പെട്ട ഏജൻസികൾക്ക് നൽകാത്ത വിവരം ശ്രദ്ധിച്ചിരുന്നോ ; എങ്കിൽ ഓരോ ഇനത്തിലും അടയ്ക്കുവാനുള്ള തുക എത്രയാണെന്നും,

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly